
# പാഠം 6



## ഒരു പഠന വിഷയം

***സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു***

## വേദവചന കഥ

***സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു എന്നു പഠിപ്പിക്കുന്ന കഥ ഉപയോഗിക്കുക***

സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു

**സദ്വർത്തമാന കഥാ പുസ്തകം മൂന്ന്. പേജുകൾ** 2-27. *ദുഷ്ടനായ രാജാവ്.*

*സദ്വർത്തമാന കഥാ പുസ്തകം മൂന്നിൽ* നിന്ന് നിങ്ങൾ 'ദുഷ്ടനായ രാജാവിന്റെ' കഥ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുമ്പോൾത്തന്നെ അത് അഭിനയിച്ച് കാണിക്കുക.


**അഭിനേതാക്കൾ:** കഥ പറയുന്ന ആളും സംവിധായകനും (അദ്ധ്യാപകൻ). ദുഷ്ടനായ രാജാവ് (കുട്ടികളിൽ ഒരാൾ). മോശെ (കുട്ടികളിൽ ഒരാൾ). അഹരോൻ (കുട്ടികളിൽ ഒരാൾ). മൂന്നു മന്ത്രവാദികൾ (മൂന്ന് കുട്ടികൾ). സൃഷ്ടിതാവാം ദൈവത്തെ പാടി സ്തുതിക്കുന്ന കുട്ടികൾ (ഈ നാടകത്തിൽ അഭിനയിക്കാത്ത മറ്റെല്ലാ കുട്ടികളും).

ദുഷ്ടനായ രാജാവിനോട് മുറിയുടെ മുൻഭാഗത്ത് ഇരിക്കുവാൻ പറയുക. മുറിയുടെ മുൻഭാഗമാണ് ദുഷ്ടനായ രാജാവിന്റെ കൊട്ടാരം എന്ന് വിവരിക്കുക. ദുഷ്ടനായ രാജാവിന്റെ കൊട്ടാരത്തിലേക്ക് കുട്ടികൾ പ്രവേശിക്കുവാൻ പാടില്ല. മോശെയോടും അഹരോനോടും കുട്ടികളുടെ വശത്തായി നില്ക്കുവാനായി പറയുക അതിനാൽ കുട്ടികൾക്ക് മോശെയും അഹരോനെയും കാണുവാനായി സാധിക്കും. ദുഷ്ടനായ രാജാവിന്റെ മൂന്ന് മന്ത്രവാദികളോട് കൊട്ടാരത്തിൽ രാജാവിന്റെ പുറകിൽ നില്ക്കുവാൻ പറയുക.

എല്ലാ കുട്ടികൾക്കും നാടകത്തിൽ എന്തെങ്കിലും ഒരു പങ്കുണ്ട്. നിങ്ങൾ കഥ വായിച്ച് വിവരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ അഭിനേതാക്കളെ അഭിനയിക്കുവാൻ വിവരിച്ച് കൊടുക്കുക. അഭിനേതാക്കൾ ചെയ്യുന്നതും പറയുന്നതും കുട്ടികൾ ശ്രദ്ധിക്കണം. എന്നിട്ട് അഭിനേതാക്കൾ ചെയ്യുന്നതും പറയുന്നതും കുട്ടികൾ ചെയ്യുകയും പറയുകയും ചെയ്യണം.

*ഉദാഹരണം:* 2-3 പേജുകളിലെ കഥ വായിക്കുക. നിങ്ങൾ (അദ്ധ്യാപിക) വായിച്ചതിനുശേഷം പറയുക, 'കുട്ടികൾ പറയുന്നത് ഞാൻ കേൾക്കുന്നു, സൃഷ്ടിതാവാം ദൈവമേ ഞങ്ങളെ രക്ഷിക്കണമേ' ഇത്രയും വായിച്ച് നിർത്തിയതിനുശേഷം നാടകത്തിൽ സൃഷ്ടിതാവാം ദൈവത്തെ പാടി സ്തുതിക്കുന്ന കുട്ടികളുടെ നേരെ കൈ ചൂണ്ടുക. അപ്പോൾ സൃഷ്ടിതാവാം ദൈവത്തെ പാടി സ്തുതിക്കുന്നു എന്ന് അഭിനയിക്കുന്ന കുട്ടികൾ ചേർന്ന് പറയണം, 'സൃഷ്ടിതാവാം ദൈവമേ ഞങ്ങളെ രക്ഷിക്കണമേ.'

# പാഠം 6



*ഉദാഹരണം:* 4-6 പേജുകളിലെ കഥ വായിക്കുക. നിങ്ങൾ (അദ്ധ്യാപിക) വായിച്ചതിനുശേഷം പറയുക, 'മോശെ കത്തുന്ന മുൾപ്പടർപ്പ് നോക്കുന്നത് എനിക്ക് കാണുവാൻ കഴിയുന്നു.' കഥ അവിടെ നിർത്തി മോശെയായി അഭിനയിക്കുന്ന കുട്ടിക്ക് നേരെ കൈ ചൂണ്ടുക. അപ്പോൾ മോശെയായി അഭിനയിക്കുന്ന കുട്ടി ആശ്ചര്യത്തോടെ മുൾപ്പടർപ്പ് നോക്കുന്നതുപോലെ നടിക്കും.

കഥ തുടർന്നും വായിക്കുക. ഓരോ തവണയും ആ ഭാഗം അഭിനയിക്കുന്ന കുട്ടിയുടെ നേരെ കൈ ചൂണ്ടുക. ആ കഥയിൽ ആ വ്യക്തി പറയുന്നതും ചെയ്യുന്നതും പോലെ തന്നെ കുട്ടികളും അഭിനയിക്കണം.

1, 2, 3, അഭിനയം തുടങ്ങുക...

കഥ പറയുകയും അഭിനയിക്കുകയും ചെയ്തതിനുശേഷം കുട്ടികളോട് രക്ഷയെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കുക. ഒരു കുട്ടി തെറ്റായ ഉത്തരം പറഞ്ഞാൽ കൊള്ളാം, നല്ല ശ്രമം നടത്തി, എന്നാൽ ഞാൻ ഉദ്ദേശിച്ച ഉത്തരം അതല്ലായിരുന്നു എന്ന് പറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുക. എന്നാൽ ഒരു കുട്ടി ശരിയായ ഉത്തരം പറഞ്ഞാൽ കൊള്ളാം, നന്നായി പറഞ്ഞു! എന്നു പറയുക! കുട്ടികൾ ശരിയായ ഉത്തരം പറയുന്നത് വരെ ചോദ്യം ചോദിച്ചുകൊണ്ടിരിക്കുക.

നിങ്ങൾക്ക് ചോദിക്കുവാൻ കഴിയുന്ന ചോദ്യങ്ങൾ താഴെ രേഖപ്പെടുത്തുന്നു.

**ദുഷ്ടനായ രാജാവ് ആരെയായിരുന്നു വെറുത്തിരുന്നത്?**
സൃഷ്ടിതാവാം ദൈവത്തെത്തിനു പാടുന്ന എല്ലാവരെയും.

## സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു

**സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സ്വതന്ത്രരാക്കി വിടുവാൻ ദുഷ്ടനായ രാജാവിനോട് പറയുവാൻ ആരെയാണ് അയച്ചത്?**
മോശെയും അഹരോനെയും.

**സൃഷ്ടിതാവാം ദൈവം അഹരോനോട് എന്താണ് പറഞ്ഞത്?**
നിന്റെ കയ്യിലിരിക്കുന്ന ഊന്നു വടി താഴേക്ക് ഇടുക.

**അഹരോൻ എന്താണ് ചെയ്തത്?**
അഹരോൻ തന്റെ ഊന്നു വടി താഴേക്ക് ഇട്ടു.

**അഹരോന്റെ ഊന്നു വടിക്ക് എന്താണ് സംഭവിച്ചത്?**
അഹരോന്റെ ഊന്നു വടി ഒരു പാമ്പായി മാറി.


**സൃഷ്ടാവാം ദൈവം തന്റെ ജനത്തെ മരണത്തിൽ നിന്ന് രക്ഷിക്കുന്നതിനായി എന്ത് ചെയ്യുവാനാണ് പറഞ്ഞത്?**
വീടിന്റെ കതകുകളുടെ മേല്പടികളിൽ കുഞ്ഞാടിന്റെ രക്തം പുരട്ടുവാൻ പറഞ്ഞു.

# പാഠം 6





**നാം എന്താണ് ഈ കഥയിൽ നിന്ന് പഠിക്കുന്നത്?**
നാം അവനോട് സംസാരിക്കുമ്പോൾ സൃഷ്ടിതാവാം ദൈവം കേൾക്കുന്നു. സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു. സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ രക്ഷിക്കുന്നു.



x2

## നാട്യ ഗാനം

***സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു എന്നു പഠിപ്പിക്കുന്ന നാട്യ ഗാനം ഉപയോഗിക്കുക***

ശക്തിയുണ്ട്, ശക്തിയുണ്ട്, അത്ഭുത ശക്തിയുണ്ട്
കുഞ്ഞാട്ടിൻ രക്തത്തിനു ശക്തിയുണ്ട്
ശക്തിയുണ്ട്, ശക്തിയുണ്ട്, അത്ഭുത ശക്തിയുണ്ട്
കുഞ്ഞാട്ടിൻ വിലയേറിയ രക്തത്തിനു ശക്തിയുണ്ട്!

## ദൃഷ്ടാന്ത പാഠം

***സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു എന്നു പഠിപ്പിക്കുന്ന ദൃഷ്ടാന്ത പാഠം ഉപയോഗിക്കുക***

**ഉപകരണം:** ഒരു കുട്ടിയെ മുഴുവനായും മറയ്ക്കാൻ വലിപ്പമുള്ള കമ്പിളി.

സൃഷ്ടാവാം ദൈവം തന്നെ പാടിസ്തുതിക്കുന്ന ജനത്തെ ദുഷ്ടനായ രാജാവിന്റെ സൈന്യത്തിന്റെ കയ്യിൽ നിന്ന് എങ്ങനെ രക്ഷിച്ചു എന്നുള്ള കഥ നിങ്ങൾ ഓർക്കുന്നുണ്ടോ?

അത് എങ്ങനെയായിരുന്നു എന്ന് ഞാൻ കാണിച്ച് തരാം. ഒരു കുട്ടിയോട് നിങ്ങളെ അടുത്ത് വന്നുനിന്ന് സഹായിക്കുവാൻ പറയുക.

**സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു**


**ഈ കമ്പിളി കണ്ടോ?** (കുട്ടികൾക്ക് കാണുവാൻ ഉയർത്തിപ്പിടിക്കുക). കുട്ടികൾ ഉത്തരം പറയുന്നു: കണ്ടു.

എന്നിട്ട് ഈ കമ്പിളി നിങ്ങളുടെ സഹായിയുടെ പുറത്തേക്ക് തന്റെ ശരീരം മുഴുവൻ മറയത്തക്ക രീതിയിലിടുക.

നിങ്ങളുടെ സഹായിയോട് ചോദിക്കുക, 'കമ്പിളിക്കകത്ത് നിങ്ങൾക്ക് കാറ്റ് അനുഭവപ്പെടാൻ കഴിയുന്നുണ്ടോ?
നിങ്ങളുടെ സഹായി പറയുന്നു: ഇല്ല.

ഈ കമ്പിളിപോലെയാണ് നമ്മെ സൂക്ഷിക്കുന്ന സൃഷ്ടാവാം ദൈവം. സൃഷ്ടാവാം ദൈവം തന്റെ സ്നേഹം കൊണ്ട് നമ്മെ മൂടുകയും നമ്മെ അശുദ്ധാത്മാക്കളിൽ നിന്നും ദുഷ്ട ശക്തികളിൽ നിന്നും നമ്മെ സൂക്ഷിക്കുകയും ചെയ്യുന്നു.

# പാഠം 6



## വേദവചന മനഃപാഠവാക്യ കളി

***സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു എന്ന് പഠിപ്പിക്കുന്ന വേദവചന മനഃപാഠ വാക്യം ഉപയോഗിക്കുക***

സൃഷ്ടാവാം ദൈവത്തിന്റെ മറ്റൊരു പേര് *കർത്താവ്* എന്നാണെന്ന് വിവരിക്കുക.

സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു

**പുറപ്പാട് 14:14** *'ശാന്തരായിരിക്കുകയല്ലാതെ നിങ്ങള് മറ്റൊന്നും ചെയ്യേണ്ടതുമില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും.'*

**ഉപകരണങ്ങൾ:** എഴുതുവാനുള്ള ബ്ലാക്ക് ബോർഡും ചോക്കും അല്ലെങ്കിൽ മണ്ണും വടിയും അല്ലെങ്കിൽ ഒരു കടലാസ്സും പെൻസിലും എഴുതുവാൻ ഉപയോഗിക്കാം.

വേദവചന മനഃപാഠ വാക്യം എഴുതുന്നതോടൊപ്പം പറയുകയും ചെയ്യുമ്പോൾ കുട്ടികളത് ആവർത്തിക്കുവാൻ പറയുക. കുട്ടികൾ ഇതുവരെ വായിക്കുവാൻ പഠിച്ചിട്ടില്ലെങ്കിൽ വേദവചന മനഃപാഠവാക്യം എഴുതേണ്ടതില്ല. വേദവചന മനഃപാഠവാക്യത്തിന്റെ ഓരോ വാക്ക് വീതം വായിക്കുക.

അദ്ധ്യാപിക: ശാന്തരായിരിക്കുകയല്ലാതെ. കുട്ടികൾ: ശാന്തരായിരിക്കുകയല്ലാതെ. അദ്ധ്യാപിക: നിങ്ങൾ മറ്റൊന്നും ചെയ്യേണ്ടതുമില്ല. കുട്ടികൾ: നിങ്ങൾ മറ്റൊന്നും ചെയ്യേണ്ടതുമില്ല.

അദ്ധ്യാപിക: യഹോവ നിങ്ങൾക്ക് വേണ്ടി കുട്ടികൾ: യഹോവ നിങ്ങൾക്ക് വേണ്ടി അദ്ധ്യാപിക: യുദ്ധം ചെയ്തുകൊള്ളും. കുട്ടികൾ: യുദ്ധം ചെയ്തുകൊള്ളും.

ഇടയ്ക്കിടയ്ക്ക് നിന്ന് മൂന്ന് വാക്കുകൾ തുടച്ചുകളയുക. ഒരു ആൺകുട്ടിയെ വിളിച്ച് ഈ വാക്കുകൾ പൂരിപ്പിക്കുവാൻ പറയുക. എന്നിട്ട് എല്ലാവരും ചേർന്ന് ഈ വാക്യം പറയും. പിന്നെ മറ്റ് മൂന്ന് വാക്കുകൾ തുടച്ചുകളയുക. ഒരു പെൺകുട്ടിയെ വിളിച്ച് ഇത് പൂരിപ്പിക്കുവാൻ പറയുക. എന്നിട്ട് എല്ലാവരും ചേർന്ന് ഈ വാക്യം ഉറക്കെ പറയട്ടെ.

## പ്രായോഗിക പ്രയോജനം

***സൃഷ്ടിതാവാം ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു എന്നു പഠിപ്പിക്കുന്ന പ്രായോഗിക കാര്യങ്ങൾ ഉപയോഗിക്കുക***

നമുക്ക് ഭയം തോന്നുമ്പോൾ നമുക്ക് സൃഷ്ടാവാം ദൈവത്തെ പാടി സ്തുതിക്കാം. അവൻ ആ ഭയത്തെ പുറത്താക്കും. നമുക്ക് സമാധാനമുണ്ടാകും കാരണം അവൻ നമ്മെ സൂക്ഷിക്കുന്നു.

**പ്രാർത്ഥന:** സൃഷ്ടാവാം ദൈവമേ എന്നെ ഈ ലോകത്തിലെ അശുദ്ധാന്മാക്കളിൽ നിന്നും ദുഷ്ട ശക്തികളിൽ നിന്നും സൂക്ഷിക്കുന്നതിനാൽ നന്ദി. എന്നെ സ്നേഹിക്കുന്നതിനാൽ നന്ദി. ആമേൻ.